## 733

ഇതുവരെയെന്നെ കരുതിയ നാഥാ!
ഇനിയെനിക്കെന്നും തവ കൃപ മതിയാം

1 ഗുരുവരനാം നീ കരുതുകിൽ പിന്നെ
കുറവൊരു ചെറുതും വരികില്ല പരനേ!
അരികളിൻ നടുവിൽ വിരുന്നൊരുക്കും നീ
പരിമളതൈലം പകരുമെൻ ശിരസ്സിൽ

2 പരിചിതർ പലരും പരിഹസിച്ചെന്നാൽ
പരിചിൽ നീ കൃപയാൽ പരിചരിച്ചെന്നെ
തിരുച്ചിറകടിയിൽ മറച്ചിരുൾ തീരും
വരെയെനിക്കരുളുമരുമയൊടഭയം-

3 കരുണയിൻ കരത്തിൻ കരുതലില്ലാത്ത
ഒരു നിമിഷവുമീ മരുവിലില്ലെനിക്കു
ഇരവിലെന്നൊളിയായ് പകലിലെൻ തണലായ്
ഒരു പൊഴുതും നീ പിരിയുകയില്ല-

4 മരണത്തിൻ നിഴൽ താഴ്വരയതിലും ഞാൻ
ശരണമറ്റവനായ് പരിതപിക്കാതെ
വരുമെനിക്കരികിൽ വഴിപതറാതെ
കരം പിടിച്ചെന്നെ നടത്തിടുവാൻ നീ-

5 തല ചരിച്ചിടുവാൻ സ്ഥലമൊരു ലവമീ-
യുലകിതിലില്ല മനുജകുമാരാ
തല ചരിക്കും ഞാൻ തവ തിരുമാറിൽ
നലമൊടു ലയിക്കും തവ മുഖപ്രഭയിൽ- **M.E.C.**